"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ക്യാമ്പയിൻ സെക്രട്ടേറിയറ്റ് - ജില്ലാ ക്യാമ്പയിൻ സെക്രട്ടേറിയറ്റിന്റെ ഘടനയും ചുമതലയും പുന:ക്രമീകരിച്ചുകൊണ്ടും മാലിന്യമുക്തം നവകേരളം ക്യാമ്പയിനിൽ പങ്കാളിയായി പ്രവർത്തിച്ചുവരുന്നവരെ ജില്ലാതല ക്യാമ്പയിൻ സെക്രട്ടറിയേറ്റിൽ കോ-കോർഡിനേറ്റർമാരായി നിയോഗിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡബ്ല്യു.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.2562/2023/LSGD തീയതി,തിരുവനന്തപുരം, 23-12-2023

---

പരാമർശം:- (1) സ.ഉ.(സാധാ)നം.867/2023/LSGD തീയതി 12.04.2023.

(2) ക്യാമ്പയിൻ സെക്രട്ടേറിയറ്റ് 29.11.2023-ന് ഇ-മെയിൽ മുഖേന ലഭ്യമാക്കിയ കുറിപ്പ്

**<u>ഉത്തരവ്</u>**

മാലിന്യമുക്തം സംസ്ഥാനം എന്ന ലക്ഷ്യം മുൻനിർത്തി തദ്ദേശസ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ ക്യാമ്പയിൻ സെക്രട്ടേറിയറ്റ് പ്രവർത്തനം ആരംഭിക്കുന്നതിന് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

(2) ജില്ലാ ക്യാമ്പയിൻ സെക്രട്ടേറിയറ്റിന്റെ ഘടനയും ചുമതലയും പുന: ക്രമീകരിക്കണമെന്നും മാലിന്യമുക്തം നവകേരളം ക്യാമ്പയിനിൽ പങ്കാളിയായി പ്രവർത്തിച്ചുവരുന്നവരെ ജില്ലാതല ക്യാമ്പയിൻ സെക്രട്ടേറിയറ്റിൽ കോ-കോർഡിനേറ്റർമാരായി നിയോഗിക്കണമെന്നും പരാമർശം (2) പ്രകാരം ക്യാമ്പയിൻ സെക്രട്ടേറയറ്റ് ആവശ്യപ്പെട്ടിരുന്നു.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ചുവടെ പറയും പ്രകാരം ഉത്തരവാകുന്നു.

<u>ജില്ലാ ക്യാമ്പയിൻ സെക്രട്ടറിയേറ്റിന്റെ ഘടന, ചുമതല</u>

| ക്രമനമ്പർ | അംഗങ്ങൾ | ചുമതലകൾ |
|---|---|---|

| | | |
|---|---|---|
| 1 | ജില്ലാ ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് | യോഗത്തിൽ അദ്ധ്യക്ഷത വഹിക്കുക. പദ്ധതികളുടെ നിർവ്വഹണവും ചിലവ് പുരോഗതി വിലയിരുത്തൽ, ജില്ലാതല എൻഫോഴ്സ്മെന്റ് സ്ക്വാഡ്, തദ്ദേശ തല വിജിലൻസ് സ്ക്വാഡ് പ്രവർത്തനം വിലയിരുത്തൽ |
| 2 | നവകേരളം കർമ്മപദ്ധതി ജില്ലാ കോർഡിനേറ്റർ | ക്യാമ്പയിൻ പ്രവർത്തനങ്ങളുടെ ജില്ലാതല ഏകോപന ചുമതല |
| 3 | ശുചിത്വമിഷൻ ജില്ലാ കോർഡിനേറ്റർ | പദ്ധതികളുടെ സാങ്കേതിക അനുമതി, വിലയിരുത്തൽ, പദ്ധതി നിർവ്വഹണം, KSWMP/ശുചിത്വമിഷൻ എന്നിവിടങ്ങളിലെ IEC പ്രവർത്തങ്ങളുടെ ഏകോപന ചുമതല |
| 4 | കില ഡിസ്ട്രിക് ഫെസിലിറ്റേറ്റർ | മുഴുവൻ പരിശീലനങ്ങളുടേയും ശിൽപ്പശാലകളുടേയും ചുമതല |
| 5 | ജില്ലാ മാനേജർ, ക്ലീൻ കേരള കമ്പനി | MCF/RRF-ലെ പാഴ് വസ്തുക്കൾ യഥാസമയം നീക്കം ചെയ്യൽ |
| 6 | കുടുംബശ്രീ ജില്ലാ മിഷൻ നിയോഗിക്കുന്ന ADMC/DPM | ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങളുടെ ഏകോപനം |

| | | |
|---|---|---|
| 7 | യൂത്ത് വെൽഫയർ ബോർഡ് ജില്ലാ കോർഡിനേറ്റർ | യുവജന രംഗത്തെ പ്രവർത്തനം ഏകോപനം |
| 8 | സോഷ്യൽ ആൻഡ് കമ്മ്യൂണിക്കേഷൻ എക്സ്പെർട്ട് KSWMP | IEC പ്രവർത്തനം |
| 9 | പ്രോഗ്രാം ഓഫീസർ ശുചിത്വമിഷൻ | യുവത / NSS പ്രവർത്തനം ഏകോപനം, മാലിന്യ പരിപാലന പാഠശാല സംഘാടനം |
| 10 | കില RGSA ജില്ലാ കോർഡിനേറ്റർ | ക്യാമ്പയിൻ സെക്രട്ടേറിയറ്റ് നൽകുന്ന ചുമതലകളും പരിശീലനങ്ങളും |
| 11 | കില തീമാറ്റിംഗ് എക്സ്പെർട്ട് | ബ്ലോക്ക്തല പരിശീലനങ്ങളുടെ സംഘാടന ചുമതലയും, ക്യാമ്പയിൻ സെക്രട്ടേറിയറ്റ് നൽകുന്ന ചുമതലകളും |
| 12 | RGSA ബ്ലോക്ക് കോർഡിനേറ്റർ (JD യുടെ ചുമതലയിലുള്ളവർ) | ക്യാമ്പയിൻ സംബന്ധിച്ച സ്ഥിതിവിവര കണക്കുകൾ ശേഖരിക്കലും ക്രോഡീകരണവും |
| 13 | കില ഡിസ്ട്രിക് ഫാക്കൽറ്റി | ക്യാമ്പയിൻ സെക്രട്ടേറിയറ്റ് നൽകുന്ന ചുമതലകൾ |
| 14 | ജില്ലാ ക്യാമ്പയിൻ സെക്രട്ടേറിയറ്റുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സന്നദ്ധ പ്രവർത്തകർ (2/3 എണ്ണം) | |

| | | |
|---|---|---|
| 15 | തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ/ ജില്ലാ ജോയിന്റ് ഡയറക്ടറുടെ നടപടിക്രമം പ്രകാരം നിയോഗിച്ചവർ | വാർറൂം പോർട്ടൽ റിപ്പോർട്ട് അപ്ഡേഷൻ, ഡാറ്റാ കളക്ഷൻ,റിപ്പോർട്ട് ക്രോഡീകരണം, ക്യാമ്പയിൻ സെക്രട്ടേറിയറ്റ് നൽകുന്ന ചുമതലകൾ |
| 16 | IEC ഇന്റേൺ ശുചിത്വമിഷൻ | IEC പ്രവർത്തനം |

മാലിന്യമുക്തം നവകേരളം ക്യാമ്പയിനിൽ പങ്കാളിയായി പ്രവർത്തിച്ചുവരുന്ന ചുവടെ പറയുന്നവരെ ജില്ലാതല ക്യാമ്പയിൻ സെക്രട്ടേറിയറ്റിൽ കോ-കോർഡിനേറ്റർമാരായി നിയോഗിക്കുന്നു.

| ക്രമനമ്പർ | ജില്ല | കോ- കോർഡിനേറ്റർ | ചുമതല |
|---|---|---|---|
| 1 | തിരുവനന്തപുരം | കെ.ജി. ഹരികൃഷ്ണൻ, അഭയം, ശാസ്താംകോവിൽ ലൈൻ, വെടിവച്ചാൻ കോവിൽ.പി.ഒ | |
| 2 | കൊല്ലം | ജെ.മോഹൻകുമാർ, കൊച്ചുപുനവേലിൽ പനച്ചവിള, അഞ്ചൽ | |
| 3 | പത്തനംതിട്ട | അജിത് കുമാർ ആർ., ലക്ഷ്മി നന്ദനം, ഏഴംകുളം, പാറക്കോട് പി.ഒ | |
| 4 | ആലപ്പുഴ | ജയരാജ് വെള്ളിയിൽ, കോമളപുരം ഈസ്റ്റ്, അവലൂകുന്ന് പി.ഒ. ആലപ്പുഴ | |

| | | | |
|---|---|---|---|
| | | | |
| 5 | കോട്ടയം | ശ്രീശങ്കർ<br>ശ്രീ നിലയം,മേവല്ലൂർപി.ഒ<br>കോട്ടയം | |
| 6 | ഇടുക്കി | മധു.പി.വി<br>പെരുംചേരിൽ ഹൌസ്<br>കല്ലാർ.പി.ഒ<br>മുണ്ടിഎരുമ, ഇടുക്കി | മാലിന്യമുക്തം നവകേരളം ക്യാമ്പയിൻ പ്രവർത്തനങ്ങളുടെ ഏകോപന - സംഘാടന ചുമതലകൾ |
| 7 | എറണാകുളം | കെ.കെ.രവി<br>തണൽ, നീലോശ്വരം കാലടി<br>എറണാകുളം | |
| 8 | തൃശ്ശൂർ | ബാബുകുമാർ.കെ.ബി<br>കൈപ്പള്ളി ഹൗസ്, കൈലാസ് നഗർ, ചേരിപറമ്പ്, മൂർക്കാനിക്കര പി.ഒ., തൃശ്ശൂർ | |
| 9 | പാലക്കാട് | വൈ.കല്യാണകൃഷ്ണൻ<br>ശ്രീവൽസം, രാമശ്ശേരി.പി.ഒ., പാലക്കാട് | |
| 10 | മലപ്പുറം | ബീനാ സണ്ണി<br>കുന്നത്തുഹൗസ്, പുഴക്കാട്ടിരി | |

| | | | |
|---|---|---|---|
| | | അങ്ങാടിപ്പുറം, മലപ്പുറം | |
| 11 | കോഴിക്കോട് | മോഹനൽ മണലിൽ<br>മണലിൽ ഹൌസ്, പുതുപ്പനം, വടകര | |
| 12 | വയനാട് | എം.സത്യബാബു<br>മേലെമുക്കത്തു വീട്, ചെറുമൂല വയൽ, മുട്ടിൽ പി.ഒ. | |
| 13 | കണ്ണൂർ | പി.സുനിൽദത്തൻ<br>ദത്താശ്രമം<br>പി.ഒ അഴീക്കൽ, കണ്ണൂർ | |
| 14 | കാസർഗോഡ് | എച്ച്. കൃഷ്ണ<br>ആരാമം<br>അഡൂർ<br>പി.ഒ.ഉർഡൂർ | |

(4) ജില്ലാ ക്യാമ്പയിൻ സെക്രട്ടേറിയറ്റിന്റെ അവലോകന യോഗം എല്ലാ ആഴ്ചയിലും ജില്ലാ ജോയിന്റ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ നടത്തേണ്ടതും പ്രവർത്തന പുരോഗതി വിലയിരുത്തേണ്ടതുമാണ്. ഓരോ പത്തു ദിവസത്തെ പ്രവർത്തന പുരോഗതി റിപ്പോർട്ട് തൊട്ടടുത്ത ദിവസം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതാണ്. പ്രിൻസിപ്പൽ ഡയറക്ടർ ജില്ലാ തല റിപ്പോർട്ട് ക്രോഡീകരിച്ച്

സർക്കാരിൽ എല്ലാ മാസവും ലഭ്യമാക്കേണ്ടതാണ്.

(5) കോ-കോർഡിനേറ്റർമാരായി നിയോഗിച്ചിട്ടുള്ള റിസോഴ്സ് പേഴ്സൺമാരുടെ നിയമാനുസൃത യാത്രപ്പടി കിലയും, മറ്റുള്ള റിസോഴ്സ് പേഴ്സൺമാരുടെ നിയമാനുസൃത യാത്രപ്പടി നിയോഗിച്ചിട്ടുള്ള ബന്ധപ്പെട്ട ഏജൻസികൾ/ മിഷനുകൾ വഹിക്കേണ്ടതുമാണ്. ക്യാമ്പയിന് ആവശ്യമായ പിന്തുണ കെ.എസ്.ഡബ്ല്യു.എം.പി.യിലെ PIU-യും, ULB എഞ്ചിനീയർമാരും നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീത.കെ.എസ്.
അഡിഷണൽ സെക്രട്ടറി

കോ-ഓർഡിനേറ്റർ, നവകേരളം കർമ്മ പദ്ധതി-2.
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്.
ഡയറക്ടർ, തദ്ദേശസ്വയംഭരണ (അർബൻ) വകുപ്പ്.
ഡയറക്ടർ, തദ്ദേസസ്വയംഭരണ (റൂറൽ) വകുപ്പ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ് I) / (ഓഡിറ്റ് II), കേരള, തിരുവനന്തപുരം.
പ്രൊജക്ട് ഡയറക്ടർ, കെ.എസ്.ഐ.ഡി.സി.
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ.
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ.
മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി.
മാനേജിംഗ് ഡയറക്ടർ, കില.
മിഷൻ ഡയറക്ടർ, അമൃത്.
ജില്ലാതല ക്യാമ്പയിൻ സെക്രട്ടേറിയറ്റ് കോ-കോർഡിനേറ്റർമാർക്ക്.
(ക്യാമ്പയിൻ സെക്രട്ടേറിയറ്റ് മുഖേന)
മാനേജിംഗ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ഐ&പി.ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്.
ഓഫീസ് കോപ്പി / സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Suja M
Date: 23-12-2023 18:19:31
സെക്ഷൻ ഓഫീസർ

പകർപ്പ് :-

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.ന്.

അഡീഷണൽ ചീഫ് സെക്രട്ടറി (P&EAD and additional Charge of waste managment initatives, LSGD) യുടെ പി.എ.യ്ക്ക്.